# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 360 — 25/06/2018 ൽ മറുപടിയ്ക്ക്

## ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഹൈബി ഈഡൻ | അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ | സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br>1) വളർന്നുവരുന്ന തലമുറയിൽ ജൈവ വൈവിധ്യ സംരക്ഷണത്തിന് ആഭിമുഖ്യം വളർത്തി എടുക്കുവാൻ സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകളും, നേച്ചർ ക്ലബ്ബുകളും, രൂപീകരിച്ചിട്ടുണ്ട്.<br>2) പരിസ്ഥിതി വ്യവസ്ഥയിൽ ഉ ണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനായി വനത്തിലും വനേതര പ്രദേശങ്ങളിലും വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നുണ്ട്.<br>3) ജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br>4) വംശനാശം നേരിടുന്ന ജീവി വർഗ്ഗമായ വരയാടിനേയും അതിന്റെ ആവാസവ്യവസ്ഥയുടേയും സംരക്ഷണാർത്ഥം ഇരവികുളം ദേശീയോദ്യാന- |

| | | | |
|---|---|---|---|
| | | | വും ദേശീയ പക്ഷിയായ മയിലിന്റെ സംരക്ഷണാർത്ഥം ചൂലന്നൂർ മയിൽ സങ്കേതവും സ്ഥാപിച്ചിട്ടുണ്ട്.<br>5) ദേശാടനപക്ഷികളുടെ സംരക്ഷണത്തിനായി എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് മംഗളവനം പക്ഷിസങ്കേതം കൂടാതെ തട്ടേക്കാട്, കുമരകം എന്നിവിടങ്ങളിലും പക്ഷിസങ്കേതങ്ങൾ രൂപീകരിച്ച് പരിപാലിച്ച് വരുന്നു.<br>6) പ്രാധാന്യം ഏറെ അർഹിക്കുന്ന കടുവകളുടെ സംരക്ഷണത്തിനായി ദേശീയ കടുവാ സംരക്ഷണ പദ്ധതിയുടെ ധനസഹായത്തോടെ പെരിയാർ ടൈഗർ റിസർവ്വ്, പറമ്പിക്കുളം ടൈഗർ റിസർവ്വ് എന്നിവ രൂപീകരിച്ചിട്ടുണ്ട്<br>7) കാട്ടാനകളുടെ സംരക്ഷണാർത്ഥം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രോജക്ട് എലിഫന്റ് പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നിങ്ങനെ 4 എലിഫന്റ് റിസർവ്വുകളും രൂപീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.<br>8) കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പു നിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടു പുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്കു പുറത്തുള്ള പ്രദേശങ്ങളിൽ ജൈവ വൈവിധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നു<br>9) ആദിവാസി ഗോത്ര വിഭാഗങ്ങളുടെയും പരമ്പരാഗത വനവാസികളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |

| | | | |
|---|---|---|---|
| | | | 10) വനത്തിന്റെ ജലഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പ്രകൃതിദത്ത വനങ്ങളെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.<br>11) വന മേഖലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിന് ഉതകുന്ന ഗവേഷണങ്ങൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.<br>12) ജൈവവൈവിധ്യ സംരക്ഷണത്തിനായി തദ്ദേശവാസികളുടെ സഹകരണം ഇക്കോ ഡവലപ്മെന്റ് കമ്മറ്റികൾ / വന സംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്നു.<br>13) വന മേഖലയിലെ ജൈവവൈവിധ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായ കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>14) കടലാമയുടെ സംരക്ഷണ ത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു |
| ബി | വനേതര പ്രദേശങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി വനത്തിന് പുറത്തുള്ള കാടുകളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ടോ ; ഇപ്രകാരം ഏറ്റെടുക്കുന്ന കാടുകൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ; | ബി | വനേതര പ്രദേശങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണാർത്ഥം തെരഞ്ഞെടുത്ത കാവുകൾക്കും കണ്ടൽക്കാട് സംരക്ഷണത്തിനും പ്രതിവർഷം സാമ്പത്തിക സഹായം നൽകുന്നുണ്ട് |
| സി | സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നട്ട് പിടിപ്പിച്ച മരങ്ങൾ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്നതാണെന്ന് പരിസ്ഥിതി ധവളപത്രത്തിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | സി | സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നട്ട് പിടിപ്പിച്ച മരങ്ങൾ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി | വംശനാശം സംഭവിച്ചുകൊിരിക്കുന്ന | ഡി | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിന്റെ |

| | | | |
|---|---|---|---|
| | വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ | | ഭാഗമായി സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്.<br>കൂടാതെ ഗ്രീൻ ഇൻഡ്യാ മിഷൻ, വെറ്റ്ലാന്റ് കൺസർവേഷൻ എന്നീ പരിപാടികളിലൂടെ കൂടുതൽ സ്ഥലങ്ങളിൽ കണ്ടൽ വച്ച് പിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് വേമ്പനാട്, കണ്ണൂർ മേഖലകളിൽ തണ്ണീർത്തട സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കി ആയതിന് കേന്ദ്രാനുമതി ലഭ്യമാക്കുകയും ഈ കേന്ദ്രഫണ്ട് കണ്ടൽക്കാട് സംരക്ഷണത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. കണ്ടൽ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുക തുടങ്ങിയവ ചെയ്തുവരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച് വനമാതൃക സൃഷ്ടിക്കുന്ന കുട്ടിവനം എന്ന പദ്ധതിയും സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ